"ഭരണഭാഷ-മാതൃഭാഷ"

**കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്**

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 10-10-2023

**സർക്കുലർ നം 37**

ജയിൽ ഓഫീസുകളിൽ ഒരു അന്തേവാസിയെ ഒരു സെക്ഷനിൽ തന്നെ സ്ഥിരമായി പ്രവൃത്തി എടുപ്പിക്കുന്നത് കാരണം ടി അന്തേവാസിക്ക് ബന്ധപ്പെട്ട സെക്ഷനുകളിൽ അധിക സ്വാധീനം ഉണ്ടാകുകയും, ടി സ്വാധീനം ദുരുപയോഗം ചെയ്തു കൊണ്ട് തങ്ങൾക്ക് താൽപ്പര്യം ഇല്ലാത്ത തടവുകാരുടെ ആനുകൂല്യങ്ങൾ ജയിൽ ഉദ്യോഗസ്ഥരെ സ്വാധീനിച്ചും, തെറ്റിദ്ധരിപ്പിച്ചും തടസ്സപ്പെടുത്തുന്നു എന്ന തരത്തിലുള്ള പരാതികൾ വ്യാപകമായി ഉന്നയിക്കപ്പെടുന്നതിനുള്ള സാഹചര്യങ്ങൾ ഉണ്ടാകുമെന്നും, ഭാവിയിൽ ഇത്തരത്തിലുള്ള ആരോപണങ്ങൾക്ക് ഒഴിവാക്കുന്നതിലേയ്ക്കായി ഒരു നിശ്ചിതകാലപരിധിയ്ക്ക് ശേഷം വിവിധ സെക്ഷനുകളിൽ ജോലി ചെയ്യുന്ന തടവുകാരെ സെക്ഷൻ മാറ്റണമെന്ന നിർദ്ദേശം ലഭ്യമായിരിക്കുന്നു.

ആയതിനാൽ പ്രസ്തുത നിർദ്ദേശം പരിഗണിച്ചുകൊണ്ട്, സംസ്ഥാനത്തെ വിവിധ ജയിൽ സ്ഥാപനങ്ങളിലെ ഓഫീസുകളിൽ വിവിധ സെക്ഷനുകളിൽ പ്രവൃത്തി എടുത്തു വരുന്ന ജയിൽ അന്തേവാസികളുടെ സേവനം ഒരു നിശ്ചിത കാലയളവിന് ശേഷം ടി അന്തേവാസികളെ സെക്ഷനുകൾ മാറ്റി നിയോഗിച്ച് കൊണ്ടോ, പുതിയ അന്തേവാസിയെ നിയോഗിച്ചു കൊണ്ടോ നിർവ്വഹിക്കുന്നതിന് ബന്ധപ്പെട്ട ജയിൽ സ്ഥാപന മേധാവികൾ നടപടി സ്വീകരിക്കേണ്ടതാണ്.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസിനു വേണ്ടി

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും.

പകർപ്പ് : ഡി.ഐ.ജി ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്,
ഉത്തര മേഖല/മദ്ധ്യ മേഖല/ദക്ഷിണ മേഖല & ഡയറക്ടർ സിക്ക.